"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2025-26 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ പദ്ധതി - സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി വില്ലേജ് ഓഫീസുകളെയും വില്ലേജ് ഓഫീസുകളുടെ നവീകരണം/അറ്റകുറ്റപ്പണി എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി വില്ലേജ് ഓഫീസുകളെയും തിരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.599/2026/RD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 21.06.2025 തീയതിയിലെ സ.ഉ(സാധാ) നം. 1500/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 25.09.2025 തീയതിയിലെ സ.ഉ(സാധാ) നം. 2217/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
3. 5.10.2025 തീയതിയിലെ സ.ഉ(സാധാ) നം. 2371/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
4. 05.11.2025 തീയതിയിലെ സ.ഉ(സാധാ) നം. 2593/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
5. 20.12.2025 തീയതിയിലെ സ.ഉ(സാധാ) നം. 2847/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
6. 07.01.2026 തീയതിയിലെ സ.ഉ(സാധാ) നം. 57/2026/റവ നമ്പർ സർക്കാർ ഉത്തരവ്.
7. 19.01.2026 തീയതിയിലെ സ.ഉ(സാധാ) നം. 134/2026/റവ നമ്പർ സർക്കാർ ഉത്തരവ്.
8. 21.01.2026 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.എം5-601/2026 നമ്പർ കത്ത്.
9. 02.02.2026 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.എം2-5509/2025 നമ്പർ കത്ത്.
10. 06.02.2026 തീയതിയിലെ സ.ഉ(സാധാ) നം. 324/2026/റവ നമ്പർ സർക്കാർ ഉത്തരവ്.

11. 06.03.2026 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.എം5-6257/2024 നമ്പർ കത്ത്.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്ക് 5400 രൂപയ്ക്ക് ഭരണാനുമതി നൽകികൊണ്ട് പരാമർശം 1 പ്രകാരവും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം, വില്ലേജ് ഓഫീസുകളുടെ നവീകരണം/അറ്റകുറ്റപ്പണി എന്നീ പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുത്തി വില്ലേജ് ഓഫീസുകളെ തിരഞ്ഞെടുത്തുകൊണ്ടും മറ്റ് റവന്യൂ ഓഫീസുകളുടെ നിർമ്മാണം/നവീകരണം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ തിരഞ്ഞെടുത്തുകൊണ്ടും പരാമർശം 2 മുതൽ 7 വരെയും പരാമർശം 10 പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2] കണ്ണൂർ ജില്ലയിലെ എടക്കാട് വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ സർക്കാർ ഉടമസ്ഥതയിലുള്ള 56 സെൻ്റ് സ്ഥലത്തുള്ള തേക്ക് മരങ്ങളും മറ്റും ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ 40,20,000/- രൂപയുടെ (നാല്പത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്നും, പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കണ്ണൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ളതാണെന്നും ടി സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം/അറ്റകുറ്റപ്പണി എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി എടക്കാട് വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ഉത്തരവാകുന്നതിലേയ്ക്കായി പരാമർശം 8-ലെ കത്ത് പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി പത്തനംതിട്ട ജില്ലയിലെ പെരിങ്ങര വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകുവാൻ അഭ്യർത്ഥിച്ച് പരാമർശം 9-ലെ കത്ത് പ്രകാരവും കൊല്ലം ജില്ലയിലെ പവിത്രേശ്വരം സ്മാാർട്ട് വില്ലേജ് ഓഫീസിൽ കോമ്പൗണ്ട് വാൾ, വെയിറ്റിംഗ് ഏരിയ, ഷീറ്റ് റൂഫിംഗ് എന്ന പ്രവൃത്തി നടപ്പ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുവാൻ അഭ്യർത്ഥിച്ച് പരാമർശം 9-ലെ കത്ത് പ്രകാരവും ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റവന്യൂ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ചുവടെ ചേർക്കുന്ന വില്ലേജ് ഓഫീസുകളെ തിരഞ്ഞെടുത്ത് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | വില്ലേജ് ഓഫീസ് |
|---|---|---|
| 1 | തിരുവനന്തപുരം | ചെങ്കൽ |
| 2 | പത്തനംതിട്ട | പെരിങ്ങര |

| | | |
|---|---|---|
| 3 | കോട്ടയം | ഇടക്കുന്നം |
| 4 | തൃശ്ശൂർ | വലപ്പാട് |
| 5 | തൃശ്ശൂർ | തിരുവില്വാമല |
| 6 | വയനാട് | തൃശ്ശിലേരി |
| 7 | കോഴിക്കോട് | കുറ്റിയാടി |
| 8 | കണ്ണൂർ | കോളയാട് |

4] കൂടാതെ പ്രസ്തുത പദ്ധതിയിലുൾപ്പെട്ട വില്ലേജ് ഓഫീസുകളുടെ നവീകരണം/അറ്റകുറ്റപ്പണി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി ചുവടെപ്പറയുന്ന വില്ലേജ് ഓഫീസുകളെയും തിരഞ്ഞെടുത്തും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം.** | **വില്ലേജ്** | **പ്രവൃത്തി** | **തുക** |
|---|---|---|---|
| 1 | എടയ്ക്കാട്, കണ്ണൂർ | ചുറ്റുമതിൽ നിർമ്മാണം | 40,20,000/- രൂപ |
| 2 | കോട്ടോപ്പാടം-3, പാലക്കാട് | ചുറ്റുമതിൽ & കിണർ നവീകരണം | 3,87,561.18/- രൂപ |
| 3 | പവിത്രേശ്വരം, കൊല്ലം | കോമ്പൗണ്ട് വാൾ, വെയിറ്റിംഗ് ഏരിയ, ഷീറ്റ് റൂഫിംഗ് | 19,51,000/- രൂപയുള്ള എസ്റ്റിമേറ്റ് തുക 19,49,989.82/- രൂപയിൽ നിജപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 12-03-2026 10:44:34

സെക്ഷൻ ഓഫീസർ